I/663770/2024

പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടറുടെ(ജനറൽ) നടപടി ഉത്തരവ്

(സാന്നിധ്യം:- സന്തോഷ്.സി.എ)

വിഷയം:- പൊതുവിദ്യാഭ്യാസം -സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവുകളിലെ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അംഗീകാരം ലഭിച്ച ജീവനക്കാർക്ക് സംരക്ഷണം അനുവദിച്ചുകൊണ്ട് 05/08/2022 നു പുറപ്പെടുവിച്ച ഉത്തരവിൽ വന്ന പിശകു തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 14/09/2023 ലെ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി 4/1687203/2 കത്ത്
2. 05/08/2022, 06/02/2023 എന്നീ തീയതികളിൽ ഈ കാര്യാലയത്തിൽ നിന്നും ഇതേ നമ്പർ നടപടി ഉത്തരവുകൾ

ഉത്തരവ് നമ്പർ: ഡി.ജി.ഇ/10483/2022(1)-എച്ച് 2 ,തീയതി : 03-03-2024

കോഴിക്കോട് ജില്ലയിലെ സി.എം.എം.ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 മുതൽ 2014-15 വരെയുള്ള അധിക തസ്തികകളിൽ നിയമിതരാവുകയും തുടർന്ന് തസ്തിക നഷ്ടപ്പെട്ട പുറത്താകുകയും ചെയ്ത അധ്യാപികമാരായ ശ്രീമതി രഞ്ജിനി.എം.സി, ശ്രീമതി ഷീന.ബി, ശ്രീമതി രജനി.കെ.കെ എന്നിവർക്ക്, 14/07/2022 ലെ സ.ഉ(അച്ചടിച്ചത്)8/2022/പൊ.വി.വ നമ്പർ ഉത്തരവിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷണം അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ, ജോലിയിൽ പ്രവേശിച്ച തീയതി, ജോലിയിൽ നിന്നും പുറത്തുപോയ തീയതി എന്നിവയിൽ അപാകത ഉണ്ടെന്നും ആയതു പരിഹരിച്ചു നൽകണമെന്നും കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി ഷീന.ബി, ശ്രീമതി രജനി.കെ.കെ എന്നിവർക്ക് സംരക്ഷണം നൽകി പുറപ്പെടുവിച്ച ഈ കാര്യാലയത്തിലെ 05/08/2022 ലെ ഉത്തരവിൽ വന്നതായ പിശകുകൾ 06/02/2023 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം പരിഹരിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ, ശ്രീമതി രഞ്ജിനി.എം.സി ഉൾപ്പെട്ടിട്ടില്ല എന്നത് കൂടാതെ, ശ്രീമതി ഷീന.ബി, ശ്രീമതി രജനി.കെ.കെ എന്നിവർ ജോലിയിൽ നിന്നും പുറത്തുപോയ തീയതിയിൽ വന്ന പിശക് തിരുത്തിയിട്ടുമില്ല എന്നാണ് കാണുന്നത്.

മേൽ സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിൽ വന്ന അപാകതകൾ പരിഹരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ആയതിനാൽ, പരാമർശം (2) ഉത്തരവ് താഴെപ്പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

I/663770/2024

ക്രമ നമ്പർ	അധ്യാപികയുടെ പേര്	പെൻ	തസ്തിക	ജോലിയിൽ പ്രവേശിച്ച തീയതി	തസ്തിക നഷ്ടപ്പെട്ട പുറത്തായ തീയതി
31	രഞ്ജിനി.എം.സി.	776377	എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്)	03.06.2013	01/06/2015
32	ഷീന.ബി	777634	എച്ച്.എസ്.റ്റി (മലയാളം)	03.06.2013	15/07/2018
33	രജനി.കെ.കെ	882434	എച്ച്.എസ്.റ്റി (ഇംഗ്ലീഷ്)	03.06.2013	01/04/2016

ഇപ്രകാരം പരാമർശം (2) പ്രകാരമുള്ള സർക്കുലർ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്

Signed by
Santhosh C A
Date: 03-03-2024 22:51:54

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ് :
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,.കോഴിക്കോട്

പകർപ്പ്:-

(1) വിദ്യാഭ്യാസ ഉപ ഡയറക്ടർ,
കോഴിക്കോട്

(2) ബന്ധപ്പെട്ട അധ്യാപകർ
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്,പൂജപ്പുര

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)